**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** **13-02-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ സോളാർ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ എത്ര വീടുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ഇനി എത്ര വീടുകളെ ഉൾപ്പെടുത്താനുണ്ട് എന്നും വിശദമാക്കുമോ; | (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന '**സൗര**' സബ്സിഡി പദ്ധതി പ്രകാരം 831 വീടുകളിൽ (3688 kW) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 620 അപേക്ഷകൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായി ലഭിച്ചിട്ടുണ്ട്.<br><br>പ്രസ്തുത മണ്ഡലത്തിൽ '**സൗരതേജസ്**' പദ്ധതി വഴി അനെർട്ടിന് 11 അപേക്ഷകൾ (38കിലോവാട്ട്) ലഭിച്ചിട്ടുണ്ട്. ഇതിൽ 14 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ നിലവിൽ സ്ഥാപിച്ച കഴിഞ്ഞു. കൈപ്പമംഗലം മണ്ഡലത്തിൽ അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക് ആയി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.<br><br>1.പി.എച്ച്. സി. മതിലകം പഞ്ചായത്ത് – 5 കിലോവാട്ട്<br><br>2.വെറ്റിനറി ഹോസ്പിറ്റൽ മതിലകം പഞ്ചായത്ത് – 5 കിലോവാട്ട്<br><br>3.ലൈബ്രറി ബിൽഡിംഗ് മതിലകം പഞ്ചായത്ത് – 2 കിലോവാട്ട്<br><br>4.ആയുർവേദ ഡിസ്പെൻസറി ശ്രീനാരായണപുരം പഞ്ചായത്ത് –5 കിലോവാട്ട്<br><br>5.എഫ്. എച്ച്. സി. ശ്രീനാരായണപുരം പഞ്ചായത്ത് – 5 കിലോവാട്ട്<br><br>6.എസ്. സി. സാംസ്കാരിക നിലയം ശ്രീനാരായണപുരം പഞ്ചായത്ത് - 6 കിലോവാട്ട്<br><br>7.വെറ്റിനറി ഹോസ്പിറ്റൽ എറിയാട് പഞ്ചായത്ത് - 3കിലോവാട്ട് |

| | | | |
|---|---|---|---|
| | | | 8.ജി.എൽ.പി. സ്കൂൾ അഴിക്കോട് എറിയാട് പഞ്ചായത്ത് – 3 കിലോവാട്ട്<br><br>9.എഫ്.എച്ച്.സി. മാധവന – 5 കിലോവാട്ട് |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഇലക്ട്രിസിറ്റി ഓഫീസുകൾ മുഖേന സോളാർ പദ്ധതിക്കുള്ള വിപുലമായ പ്രചാരണ പരിപാടികളും വീട്ടുകൾതോറും സമ്പർക്ക പരിപാടികളും സംഘടിപ്പിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പുതിയതായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വൈദ്യുതി വകുപ്പിന്റെ 'സൗര' സബ്സിഡി പദ്ധതി പ്രകാരമുള്ള പ്രചാരണ പ്രവർത്തനങ്ങൾ വൈദ്യുതി ഓഫീസുകൾ മുഖേന നടന്നു വരുന്നുണ്ട്. |
| (സി) | സോളാർ പദ്ധതിക്കായി ബാങ്ക് ലോൺ ഏർപ്പെടുത്തി പ്രസ്തുത മണ്ഡലത്തിലെ എല്ലാ വീട്ടുകളിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | അത്തരമൊരു പദ്ധതി കെ.എസ്.ഇ.ബി.-യിൽ നിലവിലില്ല. സോളാർ പദ്ധതിക്കായി ധനലക്ഷ്മി ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, യൂണിയൻ ബാങ്ക് തുടങ്ങിയ ചില ബാങ്കുകൾ ലോൺ കൊടുക്കുന്നുണ്ട്. അപേക്ഷകർക്ക് ടി ബാങ്കുകളെ സമീപിച്ച് പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ